തീരുമാനം. അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന അസംസ്കൃത വസ്തുക്കൾക്ക് നിലവിലുള്ള വാറ്റ് നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുകയില്ല. എന്നാൽക്കൂടി മറ്റ് സംസ്ഥാനങ്ങളിൽ ടി വസ്തുക്കൾക്ക് ചുമത്തിയ നികുതിക്ക് ആ സംസ്ഥാനങ്ങളിൽ നിന്ന് അന്തർ സംസ്ഥാന വില്പന നടത്തുമ്പോൾ പൂർണ്ണമായും ഇൻപുട്ട് ക്രെഡിറ്റ് കിട്ടുന്നതുകൊണ്ടുതന്നെ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള ചരക്കിന്റെ വിലയിൽ കുറവു വരുന്നതാണ്.

ഭൂമിക്ക് ന്യായവില നിർണ്ണയം

*16 [667] *ശ്രീ. ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ചതിനുശേഷം ഇക്കാര്യത്തിൽ സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാടെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമിക്ക് ന്യായവില നടപ്പിലാക്കിയ സമയത്ത് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വർദ്ധനവുണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വർദ്ധനവിന്റെ തോതെത്ര?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (*ശ്രീ. സി. എഫ്. തോമസ്*):

(എ) പൊതുജനങ്ങളുടെ ആക്ഷേപത്തെ തുടർന്ന് ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പിൻവലിച്ച് പൊതുജനങ്ങളുടെ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും കേൾക്കുന്നതിനായി കരട് ആയി പുനഃപ്രസിദ്ധീകരിച്ചു. കരട് ന്യായവിലകളുടെ ന്യൂനതകൾ പരിഹരിക്കുന്ന ജോലി റവന്യൂ ഡിവിഷണൽ ഓഫീസർ തലത്തിൽ പൂർത്തീകരിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

*17 [668] *ശ്രീ. എ. കെ. ബാലൻ:*
ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
" *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, വിപുലീകരിക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി 2004-05-ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് ഇതിനകം എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് പറയാമോ;

(സി) വാണിജ്യ നികുതി വകുപ്പിലുണ്ടായ അധിക ജോലിഭാരത്തെക്കുറിച്ച് വിലയിരുത്താൻ നിയോഗിച്ച കമ്മിറ്റികളുടെ ശുപാർശകൾ എന്തൊക്കെയാണ്;

(ഡി) ഇതിൽ ഏതെല്ലാം ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*):

(എ) (1) വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഫയലുകളിലെ തീർപ്പ് വേഗത്തിലാക്കുന്നതിനും വിവിധ ഓഫീസുകളിലേയും ചെക്ക് പോസ്റ്റുകളിലേയും നികുതി പിരിവ് അപ്പപ്പോൾ അറിയുന്നതിനും അവലോകനം നടത്തുന്നതിനുമായി എല്ലാ ഓഫീസുകളിലും പ്രധാന ചെക്കുപോസ്റ്റുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു. ഈ കമ്പ്യൂട്ടറുകളെ സംസ്ഥാന ആസ്ഥാനത്തുള്ള കേന്ദ്ര കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുന്നതിനുള്ള നെറ്റ്വർക്ക് ജോലികൾ പൂർത്തിയായി വരുന്നു.

(2) ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വേഗത്തിലാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി മേജർ ചെക്ക്പോസ്റ്റുകളിലെ വാഹനങ്ങൾ പരിശോധിക്കുന്നതിനുമായി ആധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സൗദ്ധ്യതകൾ ആരാഞ്ഞു കൊണ്ടിരിക്കുകയാണ്.

(3) ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി, പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു. റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു. മൊബൈൽ സ്കാഡുകളെയും നിയമിച്ച് നികുതി വെട്ടിപ്പുകൾ തടയുന്നു.

(4) എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽസ് ടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി നികുതി പിരിവ് ഊർജ്ജിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(5) വാണിജ്യ നികുതി വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്, എറണാകുളം,

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് എന്നീ ജില്ലകളിൽ 34 പുതിയ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കാനും പുതിയ മൊബൈൽ സ്കാഡുകൾ ഏർപ്പെടുത്തുവാനും, വകുപ്പിന്റെ പ്രവർത്തനം കൃത്യമായി വിലയിരുത്തുന്നതിനായി കമ്മീഷണറേറ്റിൽ ഒരു പരിശോധനാ വിഭാഗം രൂപീകരിക്കാനും ഉള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്. തിരുവനന്തപുരം, കോട്ടയം, എന്നിവടങ്ങളിൽ വാണിജ്യ നികുതി കോംപ്ലക്സുകൾ സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകികഴിഞ്ഞു. തൃശ്ശൂരിൽ വാണിജ്യ നികുതി കോംപ്ലക്സ് സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(6) നികുതി പിരിക്കൽ കൂടുതൽ ലളിതവും വേഗത്തിലുമാക്കുന്നതിനുവേണ്ടി സ്പെഷ്യൽ സർക്കിളുകളിൽ ഉള്ള വ്യാപാരികൾക്ക് ഇലക്ട്രോണിക് -ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള സംവിധാനം കെൽട്രോൺ മുഖേന നടപ്പാക്കി വരുന്നു.

(ബി) വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രധാന ചെക്ക്പോസ്റ്റുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു. നികുതി പിരിവ് ലളിതവും വേഗത്തിലും ആക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് സ്പെഷ്യൽ സർക്കിളുകളിലുള്ള വ്യാപാരികൾക്ക് ഇലക്ട്രോണിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള സംവിധാനം കെൽട്രോൺ മുഖേന നടപ്പാക്കി വരുന്നു. കൂടാതെ വകുപ്പിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി ഉപകരണങ്ങൾ, ഫർണിച്ചർ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ടി കമ്മിറ്റികൾ വില്പന നികുതി ചെക്ക് പോസ്റ്റുകളിലേയും സ്കാഡുകളിലേയും അധിക ജോലിഭാരം ലഘൂകരിക്കുന്നതിനുവേണ്ടി കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) വാണിജ്യ നികുതി വകുപ്പിൽ പുതിയ ചെക്ക്പോസ്റ്റുകളും ഇന്റലിജൻസ് സ്കാഡുകളും അനുബന്ധ തസ്തികകളും സ്ഥാപിക്കുന്നതുസംബന്ധിച്ചിട്ടുള്ള കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

"വാറ്റ്" നടപ്പിലാക്കുന്നതു സംബന്ധിച്ച്

*18 [669] *ശ്രീ. കെ. രാധാകൃഷ്ണൻ:*
" *എ. സി. മൊയ്തീൻ:*
" *പി. സി. ജോർജ്:*
" *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഏപ്രിൽ ഒന്നു മുതൽ വാറ്റ് സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ വില്പന നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക കളക്റ്റ്

LIBRARY ARCHIVES Kerala Legislative Assembly